മാതൃഭൂമി

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ


SHUTTERSTOCK

മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

Mathrubhumi SEED
Digital nature magazine

LEAF-1 NOVEMBER 2021

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ

കാട്ടിലെ കാര്യം

കേരളം അറിയാൻ

ചിറകുള്ള ചങ്ങാതിമാർ

ഈ ഫോട്ടോ കാണാം

കൃഷിക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

ഇത് അതിശയം

തെറ്റ് ശരി


ലോകം എങ്ങനെ

പൂവറിവ്

വർണച്ചിറക്


Layout & Illustration: **Sreelal A.G., Govind K.**

# കുന്നിക്കുരുവിന്റെ ഇടം



ചെറിയ കാര്യങ്ങൾക്ക് വലിയ പ്രസക്തിയുണ്ട്.
ചെറുതായി കാര്യങ്ങൾ പറയുന്ന ഒരിടമാണ് ഇത്.
പ്രകൃതിയുമായി ബന്ധപ്പെട്ട
കൊച്ചുകൊച്ച് ചിന്തകളുടെ വിളനിലം.
നാലോ അഞ്ചോ വാചകങ്ങളിൽ കാര്യം പറയാൻ
നമുക്ക് ശ്രമിച്ചുനോക്കാം.
വലിയ വായനകൾക്കും വലിയ ചിന്തകൾക്കുമിടയിൽ
കുന്നിക്കുരുപോലെ ചെറിയൊരു സ്ഥലം
സൂക്ഷിക്കാം. മാതൃഭൂമി സീഡിന്റെ
പുതിയ ഡിജിറ്റൽ ഇടത്തിലേക്ക്
സ്വാഗതം.

എഡിറ്റോറിയൽ

# മരം
# മരക്കൂട്ടമാവട്ടെ

അടുത്തടുത്ത് നിൽക്കുന്ന മരങ്ങൾ വേരുകളിലൂടെ ചില മൂലകങ്ങൾ കൈമാറ്റം ചെയ്യുന്നുണ്ട് എന്ന് അടുത്തകാലത്തെ പഠനങ്ങളിൽ സൂചനകളുണ്ട്. അതായത് ഒരു മരത്തിന് വലിച്ചെടുക്കാനാകാത്ത മൂലകത്തെ അടുത്ത മരത്തിന്റെ വേരിൽനിന്ന് വാങ്ങി ഉപയോഗിക്കും. ചങ്ങാതിക്ക് ആവശ്യമുള്ളത് തിരിച്ചും കൊടുക്കും. അതായത് ഒറ്റമരത്തെക്കാൾ കരുത്തരായിരിക്കും മരക്കൂട്ടങ്ങൾ എന്നർഥം. മരങ്ങൾ കൂട്ടമായി വളർന്നാൽ അത് ഭൂമിയിലെ ഒട്ടുമിക്ക പ്രശ്നങ്ങൾക്കും പരിഹാരമാണ്. ഇക്കാര്യം നമ്മൾ എത്ര ആഴത്തിൽ മനസ്സിലാക്കുന്നോ, അത്രയും കൂടുതൽ ആയുസ്സോടെ ജീവിക്കാം. നമ്മുടെ അനന്തര തലമുറയും ഒരുപാട് ജീവിക്കട്ടെ. അതിനായി നമ്മൾ മരം നട്ടാൽപ്പോരാ, മരങ്ങൾ നട്ടുനട്ട് ആകാശത്തെ മറയ്ക്കണം. അപ്പോൾ നമ്മുടെ ഭൂമി സന്തോഷമുള്ള ജീവിതംകൊണ്ട് നിറയും.



കാട്ടിലെക്കാര്യം

# കാട്
# നമ്മുടെയും ജീവനാണ്

വനനശീകരണം വൈറസ് , ബാക്ടീരിയ എന്നിവമൂലമുണ്ടാകുന്ന രോഗങ്ങൾക്ക് കാരണമാകുന്നുണ്ട്. ലോകം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിലൊന്നായ കൊറോണ വൈറസ് വ്യാപനത്തിനും വനനശീകരണവുമായി ബന്ധമുണ്ടെന്നാണ് സൂചന. നിരവധി മനുഷ്യജീവൻ നഷ്ടപ്പെടാൻ ഇടയാക്കിയ എബോള, പന്നിപ്പനി, സിക്ക, സാർസ് മെർസ് എന്നീ പകർച്ചവ്യാധികളുടെ വ്യാപനവും ജൈവവൈവിധ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് ഫ്രോണ്ടിയേഴ്സ് ഇൻ വെറ്ററിനറി സയൻസ് ജേണലിൽ പ്രസിദ്ധീകരിച്ച പഠനം വ്യക്തമാക്കുന്നത്. ഇടതൂർന്ന വനത്തിലെ മൃഗങ്ങളിലും മറ്റും കണ്ടുവരുന്ന വിവിധതരം രോഗാണുക്കൾ വനപരിധി വിട്ട് പുറംലോകത്തേക്ക് എത്താറില്ല. എന്നാൽ വനനശീകരണവും കയ്യേറ്റങ്ങളും സംഭവിക്കുമ്പോൾ ആവാസ വ്യവസ്ഥ നഷ്ടമാകുന്ന കാട്ടുമൃഗങ്ങൾ നാട്ടിലേക്കിറങ്ങുകയും ഇവയുടെ ശരീരത്തിൽ അധിവസിക്കുന്ന രോഗാണുക്കൾ നാട്ടുമൃഗങ്ങളിലേക്കും അതുവഴി മനുഷ്യരിലേക്കും പകരാൻ ഇടവരുകയും ചെയ്യുന്നു.

അലന്റ് ഷിബു, ക്രിസ്തു ജ്യോതി പബ്ലിക് സ്കൂൾ രാജാക്കാട്, ഇടുക്കി

കേരളം അറിയാൻ

**ആഴത്തിൽ തിരിച്ചറിയേണ്ട ഒരു പരിസ്ഥിതിസത്യം കവിതാരൂപത്തിൽ**

# പ്രളയം

എന്നെ അവർ ചവിട്ടിമെതിക്കുമ്പോൾ
വേദന മറന്നു ഞാൻ സന്തോഷിച്ചിരുന്നു
എന്നെ അവർ ശ്വാസം മുട്ടിക്കുമ്പോൾ
സർവ്വം സഹിച്ചു ഞാൻ ചിരിച്ചു നിന്നു
എന്റെ മക്കളെ വെട്ടിവീഴ്ത്തിയപ്പോൾ
കരയാതിരിക്കാൻ എനിക്കായില്ല
പക്ഷേ, എന്റെ കണ്ണുനീർ
അവരെ കരയിച്ചുകളഞ്ഞു!



ദേവദത്ത
ക്ലാസ് 9, ജി.വി.എച്ച്.എസ്.എസ്.
ഞെക്കാട്, തിരുവനന്തപുരം

മാതൃഭൂമി
ആകാശപ്പച്ച

ചിറകുള്ള ചങ്ങാതിമാർ





# ചൂളമടിക്കും കാക്ക

അതിരില്ലാ ലോകത്തിന് ഉടമസ്ഥരും പരിധിയില്ലാ കൗതുകങ്ങൾക്ക് അവകാശികളുമാണ് പക്ഷികൾ. വനനിശ്ശബ്ദതയിൽ ഘനഗംഭീരമുഴക്കം സൃഷ്ടിക്കുന്ന മലമുഴക്കി വേഴാമ്പലും 'ബഹുഭർത്തൃത്വം' പിന്തുടരുന്ന പാഞ്ചാലിക്കാടയും ഒരേ പാട്ടുവരികൾ ആവർത്തിച്ച് ചൂളമടിക്കുംപോലെ ശബ്ദമുണ്ടാക്കുന്ന ചൂളക്കാക്കയും പൂവൻപഴത്തിന്റെ നിറമുള്ള മഞ്ഞക്കിളിയും, മൂന്നു വിരലുകൾമാത്രമുള്ള ത്രിയംഗുലി മരംകൊത്തിയും ചെമ്പുതകിടിന്മേൽ മൂശാരി കൂടം കൊണ്ടടിക്കുന്നതിന്റെ സ്വരം പുറപ്പെടുവിക്കുന്ന ചെമ്പുകൊട്ടിയുമൊക്കെ അടങ്ങുന്ന കാട്ടുപക്ഷികളും അസംഖ്യം നാട്ടുപക്ഷികളും അടങ്ങുന്ന കേരളത്തിലെ പക്ഷിലോകം ഒരു പാഠപുസ്തകംതന്നെയാണ്.

സനുഷ വി., ക്ലാസ് പ്ലസ് വൺ
ജി.എച്ച്.എസ്.എസ്. പാക്കം
കാസർകോട്

# ഈ ഫോട്ടോ കാണാം



## ഓറഞ്ച് മഷ്റൂം

വർഷകാലങ്ങളിൽ പറമ്പുകളിലോ ഉണങ്ങിയ മരങ്ങളുടെ മുകളിലോ സാധാരണ കണ്ടുവരുന്ന ഒരിനം ഫംഗസ് ആണ് കൂൺ. കൂണുകൾ ഭക്ഷ്യയോഗ്യമായതും അല്ലാത്തതും ഉണ്ട്. ഇത് ഓറഞ്ച് മഷ്റൂം ആണ്, ഭക്ഷ്യയോഗ്യമല്ല. ഭക്ഷ്യയോഗ്യമല്ലാത്ത ഇത്തരം കൂണുകൾക്ക് പൊതുവേ നല്ല നിറവും കുടപോലെയുള്ള ഭാഗത്ത് ധാരാളം ചെറിയ ശല്ക്കങ്ങളും ഉണ്ടായിരിക്കും.



അശ്വന്ത് കൃഷ്ണ
ക്ലാസ് 8, എച്ച്.ഡി.പി.വൈ.
അണ്ടിപ്പിള്ളിക്കാവ്, എറണാകുളം

കൃഷിക്കാര്യം

# കൃഷി എന്ന കഥ

പതിനഞ്ചുവർഷം മുൻപുവരെ കേരളത്തിൽ കൃഷി എന്നാൽ അർഥം നെൽക്കൃഷിഎന്നായിരുന്നു. നെല്ലറയായ കുട്ടനാട്ടിലും പാലക്കാട്ടും 'ഇരുപ്പൂ' കൃഷിയാണ് – ആണ്ടിൽ രണ്ടുതവണ. കേരളത്തിന്റെ മറ്റിടങ്ങളിലെല്ലാം ആണ്ടിൽ ഒരു കൃഷിയും. ഹരിതവിപ്ലവമുണ്ടാക്കിയ ആവേശത്തിൽ പാടം ഒരുക്കലും ഞാറ് നടലും ചക്രം ചവിട്ടലും വളം ഇടലും കൊയ്ത്തുമെതിയും അതത് നാടുകളുടെ ഉത്സവംതന്നെ. ആണ്ടിലുണ്ണാൻ അമ്പത് പറ നെല്ല് പത്തായത്തിൽ കിടക്കുന്നത് ഒരു ആശ്വാസംതന്നെയായിരുന്നു കേരളീയർക്ക്. പഞ്ഞക്കർകിടകത്തിലും നാഴി കഞ്ഞിവെള്ളമെങ്കിലും മോന്താനുള്ള നെല്ല് ഏത് പട്ടിണിക്കാരന്റെയും പത്തായത്തിലുണ്ടാകുമായിരുന്നു. നാലുപറ കണ്ടം കൈയിലുണ്ടെങ്കിൽ വീട്ടിൽ പട്ടിണിയുണ്ടാകില്ലെന്ന ഉറപ്പാണ് നെല്ലും മലയാളിയും തമ്മിലുണ്ടായിരുന്ന ആത്മബന്ധത്തിന്റെ അടിത്തറ. ഓരോ വീട്ടിലെയും ലോക്കറുകൾ തന്നെയായിരുന്നു നെല്ലിട്ടിരുന്ന പത്തായങ്ങൾ. ഇന്ന് കൃഷി ഒരു കഥയാണ്.

വൈഗ ഡി.കെ.
ക്ലാസ് 4
ഗവ. എൽ.പി.എസ്. പാട്ടത്തിൽ
തിരുവനന്തപുരം



SHUTTERSTOCK

സിനിമാപാട്ടിലെ പ്രകൃതി

# ഓലഞ്ഞാലി കുരുവി

**Rufous Treepie**
*Dendrocitta vagabunda*

“ഓലഞ്ഞാലി കുരുവി ഇളം കാറ്റിലാടി വരൂ നീ
കൂട്ടുകൂടി കിണുങ്ങി മിഴിപ്പീലി മെല്ലെ തഴുകീ ”

പാട്ടിൽ ഓലഞ്ഞാലി കുരുവി എന്നാണ് പറയുന്നതെങ്കിലും നാട്ടിൻപുറങ്ങളിൽ ഓലേഞ്ഞാലി എന്ന് വിളിക്കുന്ന പക്ഷി കുരുവിയല്ല. കാക്കയുടെ വർഗത്തിൽപ്പെട്ട  സാമാന്യം വലുപ്പമുള്ള കിളിയാണ്. കറുപ്പും ഇളംകാവിയും വെളുപ്പും നിറമുള്ള ഈ പക്ഷിക്ക് നീണ്ട വാലുണ്ട്. വല്ലാതെ കലപില ശബ്ദമുണ്ടാക്കുന്ന ഇവ ഓലത്തുമ്പത്ത് ഞാന്നു കിടന്ന് അഭ്യാസങ്ങൾ കാണിക്കാറുണ്ട്. കാക്കയുടെതുപോലെയുള്ള കൂടാണ്, അത്രത്തോളം വലുപ്പമുണ്ടാവില്ല. ഉയരമുള്ള മരത്തിൽ കൂടുണ്ടാക്കാനാണ് ഇഷ്ടം. പാടശേഖരങ്ങളുടെ സമീപമുള്ള പ്രദേശങ്ങളിൽ ഇവ കൂടുകൂട്ടാറുണ്ട്.

മാതൃഭൂമി ആകാശപ്പച്ച

ഡോ. ദീപ്തി, ജി.എം.എച്ച്.എച്ച്.എസ്.
കാലിക്കറ്റ് യൂണിവേഴ്സിറ്റി കാമ്പസ്
മലപ്പുറം

ഇത് അതിശയം തന്നെ

# സഹകരണം ഫ്രീയാണ്

കോഴിക്കുഞ്ഞുങ്ങളുടെ പിന്നാലെ നടന്ന കാലത്ത് ശ്രദ്ധയിൽ പെട്ടതാണ് ഇക്കാര്യം. മരത്തിലിരിക്കുന്ന അണ്ണാൻ ചാടിപ്പിടിക്കാൻ പാകത്തിലെത്തുന്നതും കാത്ത് താഴെ പതിയിരിക്കുന്ന പൂച്ചയെക്കണ്ട് കോഴിയും കുഞ്ഞുങ്ങളും ഈണത്തിൽ കൊക്കി, അണ്ണാന് മുന്നറിയിപ്പ് കൊടുക്കുന്നു. കോഴിക്കുടുംബത്തിന്റെ മുന്നറിയിപ്പ് കേൾക്കേണ്ടതാമസം അണ്ണാൻ മരത്തിന്റെ ഉച്ചിയിലേക്ക് കുതിച്ചുയർന്ന് താഴേക്ക് നോക്കിയൊരു ചിലയ്ക്കലുണ്ട്. പാവം പൂച്ച പ്ലിംങ്! ആകാശത്ത് വട്ടമിട്ട് ഒരു ചുഴിയായി താഴേക്കിറങ്ങിക്കൊണ്ടിരിക്കുന്ന പരുന്തിനെ ആദ്യം കാണുക അണ്ണാനാണ്. നീട്ടിയൊരു വിസിലടിയാണ്... അത് കേട്ടപാതി കോഴിയും മക്കളും ഒളിച്ച സ്ഥലം പോലും കാണില്ല. പ്രകൃതിയിലെ സഹകരണം എത്ര കൗതുകകരമാണ് അല്ലേ?



ഫാത്തിമ സഫ പി.
ക്ലാസ് 9, ഐ.കെ.ടി. എച്ച്.എസ്.എസ്
ചെറുകുളമ്പ, മലപ്പുറം

തെറ്റ് ശരി

# കണക്ക് പഠിപ്പിക്കുന്ന ഈച്ച

ഈച്ച ഒരു ഉപകാരവുമില്ലാത്ത ജീവിയാണെന്നാണ് നമ്മുടെ ധാരണ. എന്നാലിത് മുഴുവൻ ശരിയല്ല. ഈച്ചയെ കണ്ടാൽ നമ്മൾ എന്തുചെയ്യും? വല്ല പേപ്പറോ ചൂലോ എടുത്ത് ആട്ടിപ്പായിക്കും അല്ലേ. പക്ഷേ, പേപ്പർകൊണ്ടുള്ള അടിയൊക്കെ ഈച്ചയ്ക്ക് വല്ലപ്പോഴുമേ കൊള്ളാറുള്ളൂ എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ. അതാണ് ഈച്ചയുടെ കണക്കുകൂട്ടലിന്റെ ശക്തി. ഈച്ചയുടെ ഈ കണക്കുകൂട്ടൽബുദ്ധിയെക്കുറിച്ച് ഒരു സംഘം ശാസ്ത്രജ്ഞർ വിശദമായി പഠിച്ചു. ഭൂകമ്പങ്ങളും വെള്ളപ്പൊക്കവും മറ്റുമുണ്ടാകുമ്പോൾ സ്ഥലം പരിശോധിച്ച് ആളുകളെ കണ്ടെത്താനും മറ്റും ഉപയോഗിക്കുന്ന ഇത്തിരിക്കുഞ്ഞൻ പറക്കും റോബോട്ടുകളെ നിർമിക്കാനാണ് ഈച്ചയുടെ കണക്കുവിദ്യ പ്രയോജനപ്പെടുത്തുന്നത്. ഭാവിയിൽ നമ്മുടെ റോഡുകളിലൂടെ ഓടുന്ന ഡ്രൈവറില്ലാ വാഹനങ്ങൾക്കും ഈ വിദ്യ ആവശ്യമുണ്ട്. ഒരു സൈക്കിളോ കാറോ ഏത് ദിശയിൽനിന്ന് ചീറിപ്പാഞ്ഞുവന്നാലും ഇടിയൊഴിവാക്കി സുരക്ഷിതമായി നിൽക്കാൻ ഈ വിദ്യ ഡ്രൈവറില്ലാവാഹനങ്ങളെ സഹായിക്കും. ഓസ്ട്രേലിയയിലെ അഡെലെയ്ഡെ സർവകലാശാലയിലെ ഗവേഷകരാണ് ഈച്ചബുദ്ധിയെക്കുറിച്ച് വിശദമായി പഠിച്ചത്. സമീപഭാവിയിൽത്തന്നെ ഈച്ച പഠിപ്പിച്ച പാഠങ്ങളുമായി റോബോട്ടിക് വാഹനങ്ങളും ഡ്രോണുകളും പുറത്തിറങ്ങുമെന്ന് പ്രതീക്ഷിക്കാം.



മാതൃഭൂമി ആകാശപ്പച്ച

ബീന ബി., സീഡ് കോർഡിനേറ്റർ,
ഗവ. എൽ. പി. എസ്. പാട്ടത്തിൽ
തിരുവനന്തപുരം

ലോകം എങ്ങനെ

# തിരിച്ചാവുന്നത്



ഇപ്പോൾ നമ്മൾ ജീവിക്കുന്നത് മലിനമായ ലോകത്തിലാണ്. പരിസ്ഥിതിയെ പരിഗണിക്കാത്തതിനാൽ പല അസുഖങ്ങളും പരക്കുന്നു. എന്നിട്ടും മരങ്ങളും കാടുകളും വെട്ടുന്നു. സുന്ദരമായ തടാകങ്ങളിൽ പ്ലാസ്റ്റിക് നിറയുന്നു. പഴയകാലത്ത് ഇതെല്ലാം നേരേ തിരിച്ചായിരുന്നു. കാടും പുഴയുമെല്ലാം സംരക്ഷിക്കുകയായിരുന്നു ശീലം. അതുകൊണ്ട് നമുക്ക് നമ്മുടെ പഴയ കാലം തിരിച്ചു കൊണ്ടുവരാം. അതിനായി നമ്മൾ ഒരുമിച്ച് പ്രവർത്തിക്കാതെവയ്യ.



ഗാഥ നായർ
ക്ലാസ് 6, കേന്ദ്രീയ വിദ്യാലയ നമ്പർ 1
കോഴിക്കോട്



പൂവറിവ്

# ഗോസ്റ്റ് ഓർക്കിഡ്

Scientific name:
Dendrophylax lindenii

SHUTTERSTOCK

ലോകത്തിലെ അപൂർവ പുഷ്പങ്ങളിലൊന്ന്. ദളങ്ങളുടെ ആകൃതിയുടെ പേരിൽ അറിയപ്പെടുന്നു. ഈ സസ്യത്തിന് ഇലകളില്ല, സ്വന്തമായി ഭക്ഷണം നിർമിക്കുന്നില്ല. ക്യൂബ, അമേരിക്ക എന്നിവിടങ്ങളിൽ കാണപ്പെടുന്നു.

മാതൃഭൂമി ആകാശപ്പച്ച


അനിരുദ്ധ് മനോജ്
ക്ലാസ് ൯ , എം.ടി.എച്ച്.എസ്.എസ്.
കപ്രശ്ശേരി, എറണാകുളം

വർണച്ചിറക്

കഥ

# കൊറോണ സ്കൂൾ

അമ്മു രാവിലെ എഴുന്നേറ്റതേയുള്ളൂ. വീട്ടിൽ നല്ല തിരക്ക്. അമ്മയ്ക്ക് ജോലിക്ക് പോകണം, അച്ഛനും ജോലിക്ക് പോകണം, അവൾക്ക് സ്കൂളിലും. ആരേയും ബുദ്ധിമുട്ടിക്കാതെ എല്ലാ കാര്യങ്ങളും വേഗത്തിൽ തീർത്ത് അമ്മുവും പോകാൻ ഇറങ്ങി. അപ്പോഴാണ് ഓർത്തത്, മാസ്ക് എടുത്തില്ല. അമ്മ വാങ്ങിച്ചു കൊടുത്ത N 95 മാസ്ക് എടുത്ത് മുഖത്ത് വെച്ചു. സ്കൂൾ ബസ് വരില്ല, അതുകൊണ്ട് വേഗം നടന്നു. വഴിയിലെ കാഴ്ചകൾ കണ്ടപ്പോൾ ആദ്യമായി പോകുന്നത്പോലെതോന്നി. സ്കൂളിൽ എത്തിയപ്പോൾ കളിസ്ഥലം തുരുമ്പുപിടിച്ച് കിടക്കുന്നു. കൂട്ടുകാരുടെ പുഞ്ചിരി മാസ്ക് മൂടിക്കളഞ്ഞു. അകന്ന് നിന്നുള്ള അസംബ്ലി കഴിഞ്ഞ് ക്ലാസിൽ കയറി. ഒരു ബെഞ്ചിൽ ഒറ്റയ്ക്കാണ്. എങ്കിലും ഇടയ്ക്ക് കൂട്ടുകാരെ തിരിഞ്ഞും മറിഞ്ഞും നോക്കി. അച്ഛൻ വാങ്ങിത്തന്ന സാനിറ്റൈസർ പോക്കറ്റിലുണ്ട്. അത് എടുത്ത് കൈയിൽ പുരട്ടി. മാസ്ക് ധരിച്ച് ടീച്ചർ വന്നു. ചിരിക്കുന്നുണ്ടോ എന്നറിയാൻ കണ്ണിലേക്ക് നോക്കി. ക്ലാസ് കഴിഞ്ഞിട്ടും ടീച്ചർ കളിക്കാൻ വിട്ടില്ല. സാരമില്ല, കൂട്ടുകാരുമായി ക്ലാസിൽ അകലത്തിരുന്ന് കുശലം പറയാമല്ലോ. ഉച്ചവരെയുള്ള ക്ലാസ് കഴിയുന്ന ബെൽ അടിച്ചു. അതിന് പതിവിലും ഒച്ചയുണ്ടായിരുന്നു. പെട്ടെന്ന് അമ്മു ഞെട്ടിയുണർന്നു! അമ്മേ എന്ന് വിളിച്ചുകൊണ്ട് അവൾ അടുക്കളയിലേക്ക് നടന്നു.



അമേയ ഷിനോജ്
വേശാല ഈസ്റ്റ് എൽ.പി. സ്കൂൾ
കണ്ണൂർ

വർണച്ചിറക്

കവിത





## ഭൂമിഗീതം

അടർന്നു വീണ
ഇലക്കൈ
മണ്ണിലമർന്നു കിടന്നു.
വർത്തമാനമൊന്നുമുണ്ടായില്ല,
പക്ഷേ,
ഭൂമിയുടെ ഭൂതവും ഭാവിയും
അതിലുണ്ടായിരുന്നു!



വിൻസി എ.പി., സീഡ് കോഡിനേറ്റർ
H.C.C.G.U.P.S. ചെർലയം, തൃശ്ശൂർ



# മാതൃഭൂമി ആകാശപ്പച്ച

ഒന്നവസാനിക്കുന്നത്
അടുത്തതിനുള്ള
തയ്യാറെടുപ്പുകളോടെയാവണം.
തിരുത്തി മുന്നേറുന്നവരാണ്
ഭൂമിയെ നിലനിർത്തുന്നത്!

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക് അയക്കാം.
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-ഓഡിനേറ്റർമാരോട്
സംസാരിക്കാം.

Published by Mathrubhumi Seed